# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 778 | 16.07.2014-ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ

**ചോദ്യം**

ശ്രീ. സി. മമ്മൂട്ടി
ശ്രീ. കെ.എം. ഷാജി
ശ്രീ. എൻ.എ. നെല്ലിക്കുന്ന്
ശ്രീ. റ്റി.എ. അഹമ്മദ് കബീർ

**ഉത്തരം**

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും
വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് വിലയിരുത്തൽനടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ ; | 28.04.2014 ലെ സർക്കാർ ഉത്തരവ് നമ്പർ 151 പ്രകാരം അധിക വിഭവ സമാഹരണം സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുന്നതിനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായും ചീഫ് സെക്രട്ടറി കൺവീനറായും സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ ചെയർമാൻ, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ മെമ്പർമാരായും ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.<br><br>ഈ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ടി കമ്മിറ്റിയുടെ ശുപാർശകൾ ലഭിക്കുന്നമുറയ്ക്ക് അത് സംബന്ധിച്ച തുടർ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്. |
| (ബി) | രാജഭരണ കാലം മുതൽ ട്രഷറികളിൽ ശേഷിച്ചിട്ടുള്ള പിൻവലിക്കപ്പെട്ട നാണയങ്ങൾ, നോട്ടുകൾ, മറ്റ് ചരിത്രവസ്തുക്കൾ എന്നിവയെ സംബന്ധിച്ച വിവരശേഖരണം നടത്തി അവ ലേലം ചെയ്തു മുതൽക്കൂട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | ട്രഷറികളിൽ ശേഷിച്ചിട്ടുള്ള പിൻവലിക്കപ്പെട്ട നാണയങ്ങൾ നോട്ടുകൾ മറ്റ് ചരിത്ര വസ്തുക്കൾ എന്നിവയുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.<br><br>ഇവ ലേലം ചെയ്തു മുതൽക്കൂട്ടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | സംസ്ഥാനത്തെ ജനങ്ങളുടെ സാമ്പത്തിക ശേഷിയുടെ അടിസ്ഥാനത്തിൽ നടത്താവുന്ന ടാക്സേഷൻ പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്നും ഇപ്പോൾ ചുമത്തിയിട്ടുള്ള പരിധി എത്രയാണെന്നും വെളിപ്പെടുത്തുമോ ? | സംസ്ഥാനത്തെ ജനങ്ങളുടെ സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിൽ നടത്താവുന്ന ടാക്സേഷൻ പരിധി നിശ്ചയിച്ചിട്ടില്ല. കേരളത്തിന്റെ തനത് വരുമാനത്തിന്റെ 70 ശതമാനവും പിരിച്ചെടുക്കുന്നത് വിൽപന നികുതി, മൂല്യവർദ്ധിത നികുതി എന്നിവയിൽ നിന്നാണ്. ഇവ പരോക്ഷ നികുതികളായതിനാൽ സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിലല്ല മറിച്ച് ജനങ്ങളുടെ ഉപഭോഗത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ